"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ്- കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വിൽപ്പനക്കാരുടെയും ക്ഷേമനിധി ബോർഡ് - സജീവ അംഗങ്ങൾക്കും പെൻഷൻകാർക്കും 1000/- രൂപ വീതം ആശ്വാസ ധനസഹായം നൽകുന്നതിലേയ്ക്ക് 5 കോടി രൂപ അനുവദിച്ച് ഉത്തരവാകുന്നു.

---

നികുതി (എച്ച്) വകുപ്പ്

സ.ഉ.(സാധാ) നം.245/2020/നി.വ തീയതി,തിരുവനന്തപുരം, 24/03/2020

---

പരാമർശം:- കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വിൽപ്പനക്കാരുടെയും ക്ഷേമനിധി ബോർഡ് ചെയർമാന്റെ 23/03/2020 ലെ എസ്റ്റാ1/796/2019-20/KSLA&SWFB നം കത്ത്.

**ഉത്തരവ്**

സംസ്ഥാനത്ത് കോവിഡ്-19 പകർച്ച വ്യാധി പടർന്നു പിടിക്കുന്നത് തടയുന്നതിന്റെ ഭാഗമായി സംസ്ഥാന ഭാഗ്യക്കുറിയുടെ 10 ഭാഗ്യക്കുറികൾ മാറ്റിവയ്ക്കുകയും 14 ഭാഗ്യക്കുറികൾ റദ്ദാക്കുകയും ചെയ്യുത് ലോട്ടറി മേഖലയിൽ ജോലിചെയ്യുന്ന തൊഴിലാളികളെ ബുദ്ധിമുട്ടിലാക്കിയ സാഹചര്യത്തിൽ നറുക്കെടുപ്പുകൾ റദ്ദ് ചെയ്യ ദിവസങ്ങളിലെ തൊഴിൽ നഷ്ടം കണക്കാക്കി, ക്ഷേമനിധി ബോർഡിലെ സജീവ അംഗങ്ങൾക്കും പെൻഷൻകാർക്കും അടിയന്തിര ആശ്വാസ ധനസഹായമായി 3000/ രൂപ- അനുവദിക്കണമെന്ന് ക്ഷേമനിധി ബോർഡ് ചെയർമാൻ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വിൽപ്പനക്കാരുടെയും ക്ഷേമനിധി ബോർഡിലെ സജീവ അംഗങ്ങൾക്കും പെൻഷൻകാർക്കും 1000/- രൂപ വീതം അടിയന്തിര ആശ്വാസ ധനസഹായമായി വിതരണം ചെയ്യുന്നതിലേയ്ക്കായി 5 കോടി രൂപ അനുവദിച്ചും പ്രസ്തുത തുക '2075-00-103-96-10-GOVERNMENT CONTRIBUTION TO THE KERALA STATE LOTTERY AGENTS & SELLERS WELFARE FUND' എന്ന ശീർഷകത്തിൽ നിന്നും പിൻവലിച്ച് വിനിയോഗിയ്ക്കുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

മേൽ തുക ക്ഷേമനിധി ബോർഡിന്റെ ഫെഡറൽ ബാങ്ക് സ്റ്റാച്യു ബ്രാഞ്ചിലുള്ള എസ്.ബി അക്കൗണ്ടിലേയ്ക്ക് (SB A/C 10300100427691) (IFSC-FDRL0001030) വരവാക്കി നൽകേണ്ടതാണ്.
സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വിൽപ്പനക്കാരുടെയും ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ യഥാസമയം യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ആർ രാജഗോപാൽ**
**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

ഡയറക്ടർ, സംസ്ഥാന ഭാഗ്യക്കുറി വകുപ്പ്, തിരുവനന്തപുരം.

ചീഫ് എക്സിക്യൂട്ടീഫ് ഓഫീസർ, കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വിൽപ്പനക്കാരുടെയും ക്ഷേമനിധി ബോർഡ്, തിരുവനന്തപുരം.

ട്രഷറി ഡയറക്ടർ , തിരുവനന്തപുരം.

സബ് ട്രഷറി ഓഫീസർ, സെക്രട്ടേറിയറ്റ്.

ധനകാര്യ വകുപ്പ്

അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ഇ&ആർ.എസ്.എ/ജി&എസ്.എസ്.എ), കേരള, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക വകുപ്പ്(വെബ് &ന്യൂ മീഡിയ)

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ